**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാനം ഗുരുതരമായ കടക്കെണിയിൽ ആണെന്ന വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായി നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.<br><br>സംസ്ഥാനം അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്.<br><br>2021-22 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |
| (ബി) | നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം ഇവ എത്രയാണ്; | (ബി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2022 മാർച്ച് 31 ലെ സംസ്ഥാനത്തിന്റെ പൊതുകടം 2,19,974.55 കോടി രൂപയും പൊതുകടം അനുസരിച്ചുള്ള ആളോഹരി കടം 62,822.95 രൂപയാണ്. |
| (സി) | വിവിധ വായ്പകളുടെ പലിശ ഇനത്തിൽ പ്രതിമാസം എത്ര തുകയാണ് ചിലവഴിക്കേണ്ടി വരുന്നത്; വിശദാംശം നൽകുമോ; ആയത് മൊത്തം റവന്യൂ വരുമാനത്തിൻറെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ; | (സി) | വിവിധ വായ്പകളുടെ പലിശയിനത്തിൽ 2021-22 സാമ്പത്തിക വർഷം അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രതിമാസം ശരാശരി 1660.26 കോടി രൂപയാണ് ചെലവഴിക്കേണ്ടി വന്നിട്ടുള്ളത്. പ്രസ്തുത വർഷത്തെ ആകെ റവന്യൂ വരുമാനം 116546.50 കോടി രൂപയും വിവിധ വായ്പകളുടെ പലിശയിനത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് 19,923.09 കോടി രൂപയുമാണ്. |

| | | | |
|---|---|---|---|
| | | | അതായത് വിവിധ വായ്പകളുടെ പലിശയായി ചെലവഴിക്കേണ്ടി വന്നിട്ടുള്ളത് ആകെ റവന്യൂ വരുമാനത്തിന്റെ 17.09 ശതമാനമാണ്. |
| (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിലേക്കായി ഓരോ മാസവും ചിലവഴിക്കുന്ന തുക എത്രയാണ് വ്യക്തമാക്കുമോ; | (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് 2022 മെയ് മാസത്തിൽ 49,41,329 ഗുണഭോക്താക്കൾക്കായി 754.26 കോടി രൂപ അനുവദിച്ചിരുന്നു. സ്വന്തമായി പെൻഷൻ നൽകാൻ കഴിവില്ലാത്ത ക്ഷേമനിധി ബോർഡുകളിലെ 6,67,480 പേർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി 104.62 കോടി രൂപയും അനുവദിച്ചിരുന്നു. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് അനുവദിക്കുന്ന തുകയിൽ വ്യത്യാസമുണ്ടാകുന്നതാണ്. |
| (ഇ) | സംസ്ഥാനത്തിന്റെ പൊതു കടം കുറക്കുന്നതിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും റവന്യൂ കമ്മി കുറക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഇ) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണങ്ങൾക്കതീതമായി നിരവധി ഘടകങ്ങൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച നൽകുന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനം അടിസ്ഥാനമാക്കിയുള്ള കടമെടുപ്പ് പരിധിയ്ക്കുള്ളിൽ നിന്നു കൊണ്ടു മാത്രമേ സംസ്ഥാന സർക്കാരിന് വായ്പയെടുക്കാൻ കഴിയുകയുള്ളൂ.<br><br>സംസ്ഥാനം അഭിമുഖികരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ജിഎസ്ഡിപിയുടെ 3 ശതമാനം വായ്പാപരിധിയ്ക്ക് പുറമേ യഥാക്രമം 2 ശതമാനം, 1.5 ശതമാനം അധിക വായ്പാ പരിധിയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉല്പാദനവും കടബാദ്ധ്യതയും തമ്മിലുള്ള അനുപാതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 3.5 ശതമാനമാണ് നടപ്പ് വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിനു പുറമേ നിശ്ചിത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഊർജ്ജ മേഖലയിൽ |

| | | | | |
|---|---|---|---|---|
| | | | | കൈവരിക്കുന്ന നേട്ടങ്ങൾക്കായി 0.5 ശതമാനം അധികവായ്പാ പരിധിയും ലഭിക്കുന്നതാണ്.<br><br>2021-22 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതം 36.98% ആകുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2021-22 ലെ സംസ്ഥാനത്തിന്റെ കടവും മൊത്തം അഭ്യന്തര ഉല്പാദനവും തമ്മിലുള്ള അനുപാതത്തിൽ 0.14 ശതമാനത്തിന്റെ നേരിയ കുറവ് വന്നിട്ടുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.<br><br>സമ്പദ് വ്യവസ്ഥ കടുത്ത സാമ്പത്തിക മാന്ദ്യത്തിലായിരിക്കുമ്പോൾ ഉയർന്ന കമ്മി അനിവാര്യമാണ്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു മാറ്റവും വരുത്തുന്നില്ല. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |

സെക്ഷൻ ഓഫീസർ